**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3258 07.11.2019-ൽ മറുപടിക്ക്

## നിലമ്പൂരിൽ ഉൾനാടൻ മത്സ്യഭവൻ

| | ചോദ്യം<br>ശ്രീ.പി.വി.അൻവർ | | മറുപടി<br>ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | നിലമ്പൂരിൽ പുതുതായി അനുവദിച്ച ഉൾനാടൻ മത്സ്യഭവൻ എന്നത്തേക്ക് ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ; | (എ) | സർക്കാർ ഉത്തരവ് ജി.ഒ. (പി) നമ്പർ 40/2019/മ.തു.വ, തീയതി 29/10/2019 പ്രകാരം നിലമ്പൂർ ഉൾപ്പെട്ട പ്രദേശത്ത് അനുവദിച്ച മത്സ്യഭവന്റെ അധികാരപരിധി നിർണ്ണയിച്ച് ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം അധികാര പരിധി നിർണ്ണയിക്കപ്പെട്ട മത്സ്യഭവനുകളിൽ ജീവനക്കാരെ പുനർവിന്യസിച്ച് പ്രവർത്തനം ആരംഭിക്കുന്നതോടൊപ്പം പ്രസ്തുത മത്സ്യഭവന്റെ പ്രവർത്തനവും ആരംഭിക്കുന്നതാണ്. |
| (ബി) | സ്വന്തം സ്ഥലം കണ്ടെത്തുന്നതുവരെ താല്ക്കാലിക കെട്ടിടത്തിൽ ഉൾനാടൻ മത്സ്യഭവൻ ആരംഭിക്കുന്നതിനായി എം.എൽ.എ. നൽകിയ കത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ? | (ബി) | പുതിയതായി നിലമ്പൂർ, ഏറനാട്, പെരിന്തൽമണ്ണ, എന്നീ താലൂക്കുകൾക്കായി രൂപീകരിച്ച 'നിലമ്പൂർ ഉൾനാടൻ മത്സ്യഭവൻ' നിലമ്പൂർ ആസ്ഥാനമായി പ്രവർത്തിക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത്. |

**സെക്ഷൻ ഓഫീസർ**